# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4194** **28/06/2012 ൽ മറുപടിക്ക്**

## സമ്പൂർണ്ണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ :<br>" തേറമ്പിൽ രാമകൃഷ്ണൻ:<br>" കെ. മുരളീധരൻ:<br>" പി. എ. മാധവൻ : | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സമ്പൂർണ്ണ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | എ) സ്കൂളിന്റെ ഭരണപരമായ എല്ലാ പ്രവർത്തനങ്ങളും കൃത്യതയോടെയും വേഗത്തിലും നടപ്പിലാക്കുന്നതിന് ആസൂത്രണം ചെയ്യുക. വിവിധങ്ങളായ റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സഹായിക്കുക, സ്കൂൾതല പ്രവർത്തനങ്ങൾ ലഘൂകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനും സഹായിക്കുക എന്നിവയാണ് സമ്പൂർണ്ണ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ |
| ബി) ഈ പദ്ധതി വഴി എന്തെല്ലാം വിവരങ്ങളാണ് ലഭിക്കുന്നത്; | ബി) സ്കൂൾ പ്രവർത്തനവുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ വകുപ്പിന് ആവശ്യമായ എല്ലാ റിപ്പോർട്ടുകളും ഇതിലൂടെ ലഭിക്കും. പ്രധാനമായും ലഭിക്കുന്ന വിവരങ്ങൾ/റിപ്പോർട്ടുകൾ താഴെപ്പറയുന്നവയാണ്<br>1. വിദ്യാർത്ഥികളുടെ സ്കൂൾ പ്രവേശനം സംബന്ധിച്ച വിവരം<br>2. സ്കൂൾ പ്രവേശനവും വിടുതലും പുനഃപ്രവേശനവും സംബന്ധിച്ച വിവരം<br>3. ഹാജർ നിലവാരം<br>4.തിരിച്ചറിയൽ കാർഡ്<br>5.വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവധ റിപ്പോർട്ടുകൾ<br>6. സ്കൂൾ ടൈംടേബിൾ<br>7. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്<br>8.വിദ്യാലയ സംബന്ധമായ വിവിധ റിപ്പോർട്ടുകൾ<br>9. പരീക്ഷ നടത്തിപ്പ് സംബന്ധിച്ച റിപ്പോർട്ടുകൾ<br>10 പഠന നിലവാര റിപ്പോർട്ട് |

(.......2)

11. അദ്ധ്യാപകരുടെയും സ്കൂളിലെ മറ്റു ജീവനക്കാരുടെയും ജോലി ക്രമീകരിക്കുന്നതിനുള്ള സംവിധാനം സംബന്ധിച്ച വിശദാംശങ്ങൾ

| | | | |
|---|---|---|---|
| സി) | ഏതെല്ലാം ഏജൻസികൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്; | സി) | ഐ.ടി അറ്റ് സ്കൂൾ പ്രോജക്ട് കെൽട്രോണിന്റെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് |
| ഡി) | ഈ പദ്ധതി അടുത്ത അദ്ധ്യയനവർഷം മുതൽ നടപ്പാക്കുമോ? | ഡി) | കഴിഞ്ഞ അധ്യയന വർഷം (2011-12) മുതൽ ഈ പദ്ധതി ഹൈസ്കൂളുകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ